പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1635

19.01.2021 ൽ മറുപടിക്ക്

# ലോക്ഡൗൺ കാലത്തെ കുടുംബശ്രീ പ്രവർത്തനം

**ചോദ്യം**

ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ

**മറുപടി**

എ. സി. മൊയ്തീൻ

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോവിഡും ലോക്ഡൗണും മൂലം ബുദ്ധിമുട്ടിലായ കുടുംബങ്ങളിലേക്ക് പ്രതീക്ഷയും വരുമാനവും എത്തിക്കുന്നതിന് കുടുംബശ്രീ മിഷന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ലോക്ക് ഡൗൺ കാലത്ത് സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി"മുഖ്യമന്ത്രി യുടെ സഹായ ഹസ്തം" വായ്പ പദ്ധതി നടപ്പിലാക്കി. 2.04 ലക്ഷം അയൽക്കൂട്ടങ്ങളിലെ 23.98 ലക്ഷം അംഗങ്ങൾക്ക് 1906 കോടി രൂപ വായ്പ ലഭ്യമാക്കി. കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത ജൻഡർ ഹെൽപ് ഡെസ്കിലെ ജീവനക്കാരും കമ്മ്യൂണിറ്റി കൗൺസിലർമാരും ചേർന്ന് വയോജന അയൽക്കൂട്ട അംഗങ്ങളെയും സ്നേഹിത കോളിങ് ബെൽ പദ്ധതിയുടെ പിന്തുണ സ്വീകർത്താക്കളെയും ഫോണിൽ വിളിച്ചുകൊണ്ട് ഈ ലോക് ഡൗൺ കാലത്തെ ഒറ്റപ്പെടലിനിടയിൽ അവരുടെ ആധികളും ആശങ്കകളും അകറ്റി ഇല്ലായ്മകളും പ്രയാസങ്ങളും ചോദിച്ചറിഞ്ഞു പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തി. മാനസിക പ്രയാസം, ആശങ്കകൾ, ആകുലതകൾ, എന്നിവ ഉള്ളവർക്ക് പ്രത്യേകമായി കൗൺസിലിംഗും നൽകി. വയോജന അയൽക്കൂട്ട അംഗങ്ങളായ മുതിർന്ന പൗരന്മാരുടെ ക്ഷേമാന്വേഷണ ങ്ങൾക്കൊപ്പം കോവിഡ് കാലത്തെ കരുതലിനെ കുറിച്ച് ബോധവൽക്കരണം നടത്തി.<br>കേരളത്തിലെ 14 ജില്ലകളിലുമായി പ്രവർത്തിക്കുന്ന 332 കമ്മ്യൂണിറ്റി കൗൺസിലർമാരും സ്നേഹിത ഉദ്യോഗസ്ഥരും 24 മണിക്കൂറും സേവന സന്നദ്ധരായി പ്രവർത്തിച്ചുകൊണ്ട് പിന്തുണ ആവശ്യമുള്ള എല്ലാവർക്കും ആവശ്യമായ സേവനം നൽകി. 1,14,774 പേർക്കാണ് ഇത്തരത്തിൽ പിന്തുണ ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക കൗൺസിലിംഗ് സേവനവും നൽകി. |

| | | | |
|---|---|---|---|
| | | | ബാലസഭാ കുട്ടികൾക്ക് വിവിധ തരത്തിലുള്ള ഓൺലൈൻ പരിശീലനങ്ങൾ സംഘടിപ്പിച്ചു |
| ബി) | കുടുംബശ്രീ മിഷൻ വഴി അൻപതിനായിരം പേർക്ക് തൊഴിൽ നൽകുമെന്ന മുഖ്യമന്ത്രിയുടെ ആഗസ്റ്റിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി 'അതിജീവനം കേരളീയം' എന്ന പേരിൽ കുടുംബശ്രീ ക്യാമ്പെയിൻ ആരംഭിച്ചു കുടുംബശ്രീയുടെ വിവിധ പദ്ധതികൾ മുഖേന 15,000 പേർക്ക് തൊഴിൽ നൽകുക എന്നതായിരുന്നു ഈ ക്യാമ്പെയിന്റെ ലക്ഷ്യം. ഇതു പ്രകാരം 36,192 പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു ഇതിന്റെ രണ്ടാം ഘട്ടത്തിൽ 7,500 തൊഴിലുകളാണ് ലക്ഷ്യമിടുന്നത്. |
| (സി) | ഏതൊക്കെ തൊഴിൽ മേഖലകളിലാണ് തൊഴിൽ നൽകിയത്; കുടുംബശ്രീയുടെ അംഗസംഖ്യ ഇപ്പോൾ ഉള്ളതിൽ നിന്നും എഴുപത്തിയഞ്ച് ശതമാനത്തോളം ഉയർത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; നിലവിൽ എത്ര അംഗങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | താഴെപറയുന്ന മേഖലകളിൽ കുടുംബശ്രീ മുഖേന തൊഴിൽ നൽകിയിട്ടുണ്ട്. |

| മേഖല | തൊഴിൽ ലഭ്യമായവരുടെ എണ്ണം |
|---|---|
| സ്വയംതൊഴിലുകൾ | |
| സൂക്ഷ്മ സംരംഭങ്ങൾ | 14913 |
| വിപണന കിയോസ്കുകൾ/ ഹോംഷോപ്പ് | 5885 |
| മൃഗ സംരക്ഷണ മേഖല | 5600 |
| കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്ന സംരംഭങ്ങൾ | 3368 |
| സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രെണർഷിപ്പ് പ്രോഗ്രാം (എസ്.വി.ഇ.പി) | 1863 |
| എൻ.യു.എൽ.എം (നഗരങ്ങളിലെ സൂക്ഷ്മ സംരംഭങ്ങൾ) | 954 |
| ജനകീയ ഹോട്ടലുകൾ | 680 |
| ഡിസ് ഇൻഫെക്ഷൻ ടീമുകൾ (കൊവിഡ്-19 പ്രതിരോധം) | 621 |
| വേതനാധിഷ്ഠിത തൊഴിലുകൾ | |
| ഡിഡിയുജികെവൈ | 608 |

<table>
<tr><td></td><td></td><td></td><td><table><tr><td>പ്രാദേശിക തൊഴിലുകൾ സിഡിഎസ്സുകൾ മുഖേന</td><td>1328</td></tr><tr><td>മറ്റു വേതനാധിഷ്ഠിത തൊഴിലുകൾ</td><td>372</td></tr></table><br>ഈ സർക്കാർ നിലവിൽ വന്നശേഷം ഏകദേശം 5 ലക്ഷത്തോളം പേരെ കുടുംബശ്രീയിൽ അംഗങ്ങളാക്കാൻ സാധിച്ചു. നിലവിൽ ഏകദേശം 45 ലക്ഷത്തോളം അംഗങ്ങളാണ് കുടുംബശ്രീയിൽ ഉള്ളത്.</td></tr>
<tr><td>(ഡി)</td><td>സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് കടക്കെണിയിലായ തൊഴിൽ സംരംഭകരെ സഹായിക്കുവാൻ കുടുംബശ്രീ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?</td><td>(ഡി)</td><td>ഉണ്ട്.കടക്കെണിയിലായ സൂക്ഷ്മ സംരംഭങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിനായി എംഇ റിവൈവൽ ഫണ്ട് കഴിഞ്ഞ വർഷം മുതൽ വിതരണം ചെയ്തു വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 3 കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം കടക്കെണിയിലായ സംരംഭങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി ജില്ലകളിലെ എം.ഇ കൺസൾട്ടന്റുമാർക്ക് പ്രത്യേക ചുമതല നൽകിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ